യോഹ. 20:24-31

**പുതുഞ്ഞായർ**



**2024 ഏപ്രിൽ 7**

**ഫാ. ജെൻസ് പാലച്ചുവട്**

വചനസന്ദേശം

# സ്നേഹശാഠ്യക്കാരൻ തോമാശ്ലീഹാ

ഇന്ന് പുതുഞ്ഞായർ! അവകാശപ്പെട്ട സ്നേഹത്തെ ചോദിച്ചു വാങ്ങിയ ഒരു ശിഷ്യന്റെയും ചങ്ക് കൊടുത്തു സ്നേഹിക്കുന്ന ഒരു ഗുരുവിന്റെയും ഓർമ്മ യുണർത്തുന്ന ദിനം. ക്രിസ്തുസ്നേഹത്തിന്റെ നോവും നൊമ്പരവും ഏറ്റെടു ക്കുന്നതിൽ സന്തോഷം കണ്ടെത്തിയ ശിഷ്യനായിരുന്ന തോമാശ്ലീഹായെ ഇന്ന് നാം ധ്യാനവിഷയമാക്കുകയാണ്.

ആരായിരുന്നു തോമസ്? ക്രിസ്തുവിനോട് ‘നീ എവിടേക്കു പോകുന്നു വെന്നു ഞങ്ങൾക്കറിഞ്ഞു കൂടാ; പിന്നെ വഴി ഞങ്ങളെങ്ങനെ അറിയുമെന്ന്” ചോദ്യം ചോദിച്ചവൻ. ദാസിയുടെ മുമ്പിൽ ഗുരുവിനെ നിഷേധിച്ച പത്രോസി നെപ്പോലെ ഭീരുവല്ലാത്തവൻ. “വരൂ, നമുക്കവനോടൊപ്പം മരിക്കാൻ പോകാം!” എന്ന് ഉറക്കെ പ്രഖ്യാപിക്കാനുള്ള തന്റേടമുള്ളവൻ. അവനാണിപ്പോൾ യേശു വിനെ നേരിട്ട് കണ്ടാലേ വിശ്വസിക്കൂ എന്ന ശാഠ്യം പിടിക്കുന്നത്. അത് അവി ശ്വാസം കൊണ്ടാണോ? ഒരിക്കലുമല്ല. മറിച്ച് സനേഹക്കൂടുതൽ കൊണ്ടാണ്.

ഒത്തിരി സ്നേഹം ഉള്ളിലൊതുക്കി കുറെപ്പേർ ഒരുവനെ കാത്തിരിക്കു ന്നുവെന്ന് കരുതുക. ഒരു പ്രത്യേക നാഴികയിൽ അവൻ വന്നു കടന്നുപോയി എല്ലാവരേയും കണ്ടു; ആഗ്രഹിച്ചിരുന്നവരിൽ ഒരുവൻ ഒഴികെ. അവിടൊരു വേദന മുളയെടുക്കുന്നു. അത്തരമൊരു തിരസ്കരണാനുഭവത്തിലാണ് അവ ന്റെയുള്ളിലെ ശിശുവിനു ശാഠ്യമുണരുന്നത്. അതിൽ നിറയുന്നതു സ്നേഹ ത്തിന്റെ വിതുമ്പലാണെന്നതിൽ തർക്കമില്ല. ആ സ്നേഹത്തിന്റെ നിർബന്ധ ബുദ്ധിയാണു തോമസിനെക്കൊണ്ടു ‘വിശ്വസിക്കില്ല’യെന്നു പറയിപ്പിക്കുന്നത്. തോമായുടെ സ്നേഹശാഠ്യത്തിനു വഴങ്ങി പ്രത്യക്ഷം നല്കുന്ന യേശുവിനെ യാണു തുടർന്നു നാം കാണുന്നത്. അവിശ്വാസമാണ് തോമായുടെ മനസ്സിലെ ങ്കിൽ യേശു രണ്ടാമൂഴം വരില്ല. അവിശ്വാസമുള്ള ഇടങ്ങളിൽ അവൻ അത്ഭുത ങ്ങൾ നർവഹിച്ച ചരിത്രം സുവിശേഷത്താളുകളിലില്ല.

തോമസിലേക്ക് വീണ്ടും വരുക ഒറ്റയ്ക്ക് നടക്കാനുള്ള അയാളുടെ ധൈര്യം തന്നെയാണ് അയാളുടെ പ്രത്യേകതയായി സുവിശേഷം രേഖപ്പെടു ത്തുന്നത്. സന്ദേശങ്ങൾ പൊടിക്കുന്നത് ആ ധൈര്യത്തിൽ നിന്നാണ് ലോകത്തെ സദാ ആശ്വസിപ്പിക്കുന്ന “ഞാൻ വഴിയും സത്യവും ജീവനു മാണെ”ന്ന മൊഴി അയാളുടെ സന്ദേഹങ്ങൾക്ക് ഉത്തരമായാണ് നമുക്ക് ലഭിക്കുന്നത്. അന്നു സംഭവിച്ചതും അതാണ്. ഇതര ശിഷ്യർ ഭയംകൊണ്ട് തഴു തിട്ട് ഇരിക്കുമ്പോൾ അയാൾ പുറത്ത് അലയുകയായിരുന്നു. തോമായുടെ പാത കളിൽ യേശുവിന്റെ ചോരപ്പാടുകൾ ഉണ്ടായിരിക്കണം. മറ്റൊരർത്ഥത്തിൽ ചിന്തി

ച്ചാൽ അയാൾ തനിയെ നിന്നു പൊള്ളുകയായിരുന്നു.

അങ്ങനെ പൊള്ളിയ മനുഷ്യനോടാണ് അകത്തിരുന്നവർ ഉത്ഥിതന്റെ സുവിശേഷം പറയുന്നത്. മറ്റൊരു കെട്ടുകഥയുടെ നാന്ദിയാകും അതെന്ന് അയാൾ വിചാരിച്ചിട്ടുണ്ടാവും. “അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല” (യോഹ. 20:25). ആ വാതുവയ്പിലേക്കാണ് അവിടുന്ന് ഇറങ്ങി വന്നത്: “നിന്റെ വിരൽ ഇവിടെ കൊണ്ടു വരുക; എന്റെ കൈകൾ കാണുക, നിന്റെ കൈനീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക” (യോഹ. 20:27). ദൂരെ ഏകനായി നടന്ന് തിരഞ്ഞിട്ടും കാണാതിരുന്ന ക്രിസ്തുവിനെ ഇപ്പോൾ അടുത്തു കാണുന്നു. അവന്റെ മുറിവുകളിലേക്ക് നോക്കുന്ന ഓരോ നിമിഷവും തോമസ് കുറച്ചുകൂടി അവന്റെ സ്നേഹതീവ്രത തിരിച്ചറിയുന്നു. പിന്നെയവനു കരയാതിരിക്കാനാവുന്നില്ല. നിറമിഴികളോടെ വിളിച്ചു പറഞ്ഞു, “എന്റെ കർത്താവേ, എന്റെ ദൈവമേ” (യോഹ. 20:28). ഏറ്റവും അവസാനം വിശ്വാസത്തിലെത്തിച്ചേർന്നവനാണ് ഏറ്റവും ആദ്യം ഉയിർപ്പിന്റെ പ്രഖ്യാപനം നടത്തുന്നതെന്ന് ഫുൾട്ടൻ ജെ ഷീൻ ഇതിനെ വർണ്ണിക്കുന്നു.

തോമസ്സിന്റെ സ്നേഹശാഠ്യത്തിനും ഏറ്റുപറച്ചിലിലൂടെയുള്ള മടങ്ങി വരവിനും മുമ്പിൽ യേശു തോറ്റു കൊടുക്കുകയാണ്. തോമസിന് ലഭിച്ച യേശുവിന്റെ ദർശനം അതാണ് സൂചിപ്പിക്കുന്നത്. ചില സ്നേഹശാഠ്യത്തിനും ഏറ്റുപറച്ചിലുകൾക്കും മുമ്പിൽ യേശുവിനെപ്പോലെ തോറ്റു കൊടുക്കാൻ നമുക്ക് കഴിയണം. നമ്മുടെ കുടുംബബന്ധങ്ങൾ ദൃഢമാകുവാൻ, പ്രശ്നങ്ങൾ പരിഹരിക്കപ്പെടുവാൻ, സമാധാനം സ്ഥാപിക്കപ്പെടുവാനൊക്കെ അത് കാരണമാകും. അതോടൊപ്പം തോമസിനെപ്പോലെ നമ്മുടെ കാത്തിരിപ്പിന് സ്നേഹശാഠ്യത്തിന്റെ തെളിമയും ആത്മാർത്ഥതയുടെ നനവും നിഷ്കളങ്കതയുടെ മുഖവുമുണ്ടെങ്കിൽ ക്രിസ്തു നമ്മെയും തന്റെ സാന്നിധ്യംകൊണ്ട് അനുഗ്രഹീതരാക്കുമെന്ന് തിരിച്ചറിയുക. സംശയിച്ച അവസ്ഥകളെയും ഇടർച്ച തോന്നിയ സമയങ്ങളെയും മറവി ബാധിച്ച നിമിഷങ്ങളെയുമോർത്ത് തോമസിനെപ്പോലെ നമുക്ക് യേശുവിന്റെ മുമ്പിൽ ഏറ്റുപറച്ചിൽ നടത്താം. അവന്റെ മുറിവുകളിലേക്ക് എത്തിനോക്കാം. അവന്റെ ഇടമുറിയാത്ത സ്നേഹം അനുഭവിക്കാം!

✦